# ലൂക്കാ. 1: 57 - 66

ഡിസംബർ 10: യോഹന്നാൻ മാംദാനയുടെ ജനനം

## ഭാഷ്യം

### I. സന്ദർഭം

യേശുവും യോഹന്നാനും സമാന്തര വ്യക്തിത്വങ്ങളായിരുന്നു. അതുകൊണ്ട് അവരെക്കുറിച്ചു ഏതാണ്ട് ഒരു പോലെയുള്ള വിവരണങ്ങളാണ് സുവിശേഷകൻ നൽകുന്നത്. സമാനതകൾ നൽകുന്നതു പോലെ ഈ രണ്ടുപേരും തമ്മിലുള്ള അന്തരവും സൂക്ഷ്മ വിശകലനത്തിലൂടെ നൽകപ്പെടുന്നു. സുവിശേഷകൻ തന്റെ ആമുഖത്തിൽ എല്ലാം ക്രമമായി രേഖപ്പെടുത്തുന്നു എന്നു പറയുന്നുണ്ട്(1:3). അതു കൊണ്ട് മൂത്ത ആൾ എന്ന പരിഗണനയിൽ യോഹന്നാന്റെ ജനന അറിയിപ്പും (1: 5-25), തുടർന്നു മംഗള വാർത്തയും (1:26-36) നൽകി. രണ്ടുപേരും ഒരേ ദിശയിൽ ശുശ്രൂഷ ചെയ്യാനുള്ളവരാണെന്ന് വ്യക്തമാക്കാൻ, രണ്ടു അമ്മമാരും തമ്മിൽ കണ്ടുമുട്ടുന്നതും വിവരിച്ചു (1:39-57) തുടർന്നുള്ള യോഹന്നാന്റെ ജനന വിവരണമാണ് വചനഭാഗം.

### II. പ്രമേയം

യോഹന്നാന്റെ പിറവിയോടനുബന്ധിച്ച് കുടുംബത്തിലും സമൂഹത്തിലും വെളിവാകുന്ന പ്രതികരണങ്ങൾ ഏറെ നാടകീയമായി ഇവിടെ അവതരിപ്പിക്കുന്നു. മക്കളില്ലാതിരുന്ന സഖറിയാ-എലിസബത്ത് ദമ്പതികൾക്ക് ദൈവ നിശ്ചയപ്രകാരം കുഞ്ഞു ജനിക്കുമ്പോൾ, ദൈവഹിതം അക്ഷരശ്ശ: നിറവേറ്റുന്ന മാതാപിതാക്കളെ കാണിച്ചു തരികയാണ് വചനഭാഗത്ത്. അതിലൂടെ ബന്ധനങ്ങളെല്ലാം അഴിയുന്നതും ഒരു നാടു മുഴുവൻ സന്തോഷിക്കുന്നതുമാണ് പ്രധാന പ്രമേയം.

### III. സന്ദേശം

1. പ്രവചനവും പൂർത്തീകരണവും വ്യക്തമായി വായനക്കാർക്ക് അനുഭവമാകുന്ന രീതിയിലാണ് രചന പുരോഗമിക്കുന്നത്. ഗബ്രിയേൽ മാലാഖ സഖറിയാസിന് നൽകിയ വാഗ്ദാനം, പൂർത്തീകരിക്കപ്പെടുന്നു. കർത്താവിന്റെ കാരുണ്യമാണെന്ന് തിരിച്ചറിഞ്ഞ് ആ കുടുംബം മാത്രമല്ല ആ ഗ്രാമം മുഴുവൻ സന്തോഷിക്കുന്നത് നാം കാണുന്നു. സഖറിയാസ് ധൂപാർപ്പണം ചെയ്യുമ്പോൾ സമൂഹം മുഴുവൻ പ്രാർത്ഥനയിലായിരുന്നല്ലോ(1:10). ഒരു കൊച്ചു ഗ്രാമത്തിലെ

ആൾക്കാരുടെ ബന്ധങ്ങളുടെ ഇഴയടുപ്പം ഇവിടെ നാം കാണുന്നു. മക്കളില്ലാത്തതിന്റെ ദുഃഖം ആ ദമ്പതികളുടെ മാത്രമല്ല ഗ്രാമം മുഴുവന്റേതുമായിരുന്നു. അവരുടെ പ്രാർത്ഥനാ നിയോഗങ്ങൾ ആ ഗ്രാമം മുഴുവൻ നെഞ്ചിലേറ്റിയിരുന്നിരിക്കണം. അതുകൊണ്ടാണ് അവരോടൊപ്പം കുഞ്ഞിനെപ്രതി ഗ്രാമം മുഴുവൻ സന്തോഷിക്കുന്നത്. അപരന്റെ വേദനകളിൽ പങ്കു ചേരുന്നവർക്കേ അവന്റെ അനുഗ്രഹങ്ങളിൽ ആഹ്ലാദിക്കാൻ പറ്റൂ. സന്തോഷം പങ്കുവയ്ക്കുന്നത് ഒരു തുടർക്കഥയാണ് ലൂക്കാ സുവിശേഷകന്. നഷ്ടപ്പെട്ടു പോയ ആടിനെ കിട്ടുന്ന ഇടയനും (15:6). നാണയം തിരിച്ചു കിട്ടുന്ന സ്ത്രീയും (15:9). സന്തോഷം പങ്കിടുന്നത് അയൽക്കാരെയും കൂട്ടുകാരെയും വിളിച്ചു കൂട്ടിയാണ് നിന്റെ ദൈവാനുഗ്രഹവും പങ്കുവച്ച് അനുഭവിക്കാനുള്ളതാണ് എന്നു ഓർമ്മിക്കുക. അപരന്റെ വേദനകളെയും ഇല്ലായ്മകളെയും ദൈവ സന്നിധിയിൽ എത്തിക്കാനും നീ തയ്യാറാവണം.

2. വിമോചനത്തിന് അടിസ്ഥാനപരമായി ദൈവഹിതത്തോട് പൂർണ്ണമായി സഹകരിക്കണം എന്ന അടിസ്ഥാന തത്വം വെളിവാക്കപ്പെടുന്ന സന്ദർഭമാണ് യോഹന്നാന്റെ പേരിടീൽ കർമ്മത്തിൽ സംഭവിക്കുന്നത്. ജനത്തിന്റെ പ്രതിഷേധം ആദ്യം എലിസബത്തിനോടും പിന്നീട് സഖറിയായോടും പ്രകടിപ്പിക്കുന്നത് നാം കാണണം. പിതാവിന്റെ പേരു കുഞ്ഞിനു നൽകുന്നതിന്റെ പിന്നിൽ ഓരോ ജന്മവും മുൻപുള്ളതിന്റെ തുടർച്ചയാണ് എന്നെ ഓർമ്മപ്പെടുത്തലാണ്. എന്നാൽ തങ്ങൾക്ക് ലഭിച്ച കുഞ്ഞ് ദൈവത്തിന്റെ മുമ്പിൽ 'നീതി നിഷ്ഠരും, ദൈവ കല്പനകൾ കുറ്റമറ്റവിധം അനുസരിച്ചതുകൊണ്ടുമാണെന്ന്' (1:6) ബോദ്ധ്യമുള്ള അവർ അത് ഈ ഘട്ടത്തിലും നിറവേറ്റുന്നു. മാനുഷികമായി ഏറെ വേദനയുണ്ടെങ്കിലും ദൂതൻ അറിയിച്ച പേരു തന്നെ കുഞ്ഞിന് നൽകാൻ അമ്മയും അപ്പനും ഒരു പോലെ തീരുമാനിച്ചത് സഖറിയായുടെ നാവിന്റെ കെട്ടഴിയുന്നതിലേക്ക് എത്തി. കുടുംബത്തിന്റെ കെട്ടുറപ്പ് അടങ്ങിയിരിക്കുന്നത് മാതാപിതാക്കളുടെ, ദമ്പതികളുടെ ദൈവഹിതത്തോടുള്ള ഒരുമിച്ചുള്ള വിധേയത്വത്തിലാണ്. രണ്ടുപേർക്കും ഈ കാര്യത്തിൽ ഒരു തീരുമാനമായിരുന്നു. മക്കളുടെ കാര്യത്തിൽ ഒരു മനസ്സോടെ മാതാപിതാക്കൾ നിന്നാൽ അത് കുടുംബത്തിന് അനുഗ്രഹമാകും.

3, പേരിനും പേരു നൽകലിനും ഒക്കെ വളരെ ആഴമായ അർത്ഥം പശ്ചിമേഷ്യൻ സംസ്കാരത്തിലുണ്ട്. ആദം വിളിച്ചവ അവയുടെ പേരായി തീർന്നു. എന്ന് ഉല്പത്തി 2:19-20 ൽ നാം കാണുന്നുണ്ട്. അവൻ പേരിട്ടു വിളിച്ചതിന്റെ പേരിൽ അവന് അധികാരവും ആധിപത്യവും ഉണ്ടായിരുന്നു. അതുപോലെ മക്കളുടെ മേലുള്ള അവകാശത്തിന്റെയും അധികാരത്തിന്റേയും സൂചനയാണ് അപ്പൻ മക്കളെ പേരു വിളിക്കുന്നത്. പേര് സ്വീകരിക്കുന്നവർ പിതാവിന്റെ കാലടികൾ പിന്തുടരുക, പൈതൃകം കാത്തു സൂക്ഷിക്കുക, പിതാവിന്റെ തൊഴിൽ പിന്തുടരുക എന്നീ കർത്തവ്യങ്ങളും ഏറ്റെടുക്കുന്നുണ്ട്. ഇവിടെ

യോഹന്നാൻ എന്ന പേര് സ്വീകരിക്കുമ്പോൾ, മകന്റെ മേലുള്ള അധികാരം ദൈവത്തിന് നൽകുകയാണ് സഖറിയാ ചെയ്യുന്നത്. സഖറിയായെപ്പോലെ പുരോഹിത ശുശ്രൂഷ തുടരാനല്ല, മറിച്ച് ദൈവം ആഗ്രഹിക്കുന്ന പ്രാവചക ദൗത്യം ഏറ്റെടുക്കാനാണ് യോഹന്നാൻ നിയുക്തനാകുന്നത് എന്ന് വ്യക്തം. മക്കളിൽ നമ്മുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പൂർത്തീകരിക്കുകയല്ല; മറിച്ച് ദൈവത്തിന്റെ നിയോഗത്തിന് വിട്ടുകൊടുക്കുകയാണ് ഓരോ കുടുംബത്തിന്റെയും കടമ. അങ്ങനെ വരുമ്പോൾ അതു കുടുംബത്തിന്റെയും നാടിന്റെയും ഐശ്വര്യത്തിന് കാരണമാകും. ബന്ധനങ്ങളുടെ കെട്ടുകളഴിയും.

**ഡോ. ജേക്കബ് മൂല്ലൂർ**

# പ്രസംഗം

## കർത്താവിന്റെ കരം ഉയർന്നു നിൽക്കട്ടെ... നിന്റെ മേലെയും!

ക്രിസ്തുമസിനൊരുങ്ങുന്ന സഭാതനയരെ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും വചനഭാഗങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തിരുസഭ ഒരുക്കുകയാണ് നോമ്പുകാലത്തെ ഓരോ ദിനങ്ങളിലും പ്രത്യേകിച്ച് ഞായറാഴ്ചകളിലും. 25 ദിനങ്ങൾ പിന്നിടുമ്പോൾ ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട ആത്മീയ വിചിന്തനങ്ങളാൽ ഹൃദയവും മനസ്സും ഒരുക്കി ദൈവപുത്രന്റെ ജനനത്തിനു പൂമെത്ത വിരിക്കുമെന്ന് തിരുസഭാ തരു പ്രത്യാശിക്കുന്നു. വേദപുസ്തകത്തിൽ അബ്രാഹത്തിനും സാറായ്ക്കും സന്താനഭാഗ്യം നൽകുന്ന ദൈവത്തെ നാം കാണുന്നുണ്ട്. സഖറിയായ്ക്കും എലിസബത്തിനും വാർദ്ധക്യകാലത്ത് ലഭിക്കുന്ന വാഗ്ദാനത്തെക്കുറിച്ച് വായിക്കുന്നുണ്ട്. ദാൻ ഗോത്രക്കാരനായ മനോവയെയും അവന്റെ വന്ധ്യയായ ഭാര്യയെയും കുറിച്ചും, കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് അവർക്ക് പിറക്കാൻ പോകുന്ന മകനായ സാംസണെക്കുറിച്ചും, ഫിലിസ്ത്യരുടെ കൈയിൽ നിന്ന് അവൻ ഇസ്രായേലിനെ രക്ഷിക്കുന്നതിനെക്കുറിച്ചും ലഭിക്കുന്ന അരുളപ്പാടിനെക്കുറിച്ചും പരാമർശമുണ്ട്. യൗസേപ്പിനും മാതാവിനും തങ്ങളുടെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്ന അത്ഭുതങ്ങളെക്കുറിച്ച് വിവരണങ്ങളുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ജനനവുമായി ബന്ധപ്പെട്ട തിരുവചന ഭാഗങ്ങളിലൂടെ സഭാമക്കളെ 25 -ാം ദിനത്തിൽ സംഭവിക്കുന്ന യേശുവിന്റെ ജനനത്തിനൊരുക്കുകയാണ് തിരുസഭ. യേശുവിന്റെ ജനനം മുൻനിർത്തി ഞാനും, നീയും പാപത്തിന്റെ പിന്നിട്ട വഴികൾ മറന്ന് നന്മയിലേക്ക് പുതുജന്മമെടുക്കേണ്ടതിന്റെ ആവശ്യകതയെ ഓർമ്മിപ്പിക്കുന്നു. രണ്ട് തിരുവചനങ്ങൾ എടുത്ത് വചനവ്യാഖ്യാനത്തിനു ഞാൻ ശ്രമിക്കട്ടെ.

1. ലൂക്കാ 1: 57-58 "എലിസബത്തിനു പ്രസവസമയമായി. അവൾ ഒരു പുത്രനെ പ്രസവിച്ചു. കർത്താവ് അവളോട് വലിയ കാരുണ്യം കാണിച്ചിരി

ക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്ത് സന്തോഷിച്ചു."

മറ്റുള്ളവർക്ക് നന്മ വരുമ്പോൾ നമ്മൾ സന്തോഷിക്കാറുണ്ടോ? നമ്മളും സന്തോഷിക്കാറുണ്ട്. മറ്റുള്ളവർക്ക് നല്ല കാര്യം സംഭവിക്കുമ്പോഴല്ല, ചിലപ്പോൾ ദുരന്തം സംഭവിക്കുമ്പോൾ! ചിലപ്പോൾ പറയുന്ന കേട്ടിട്ടില്ലേ... ദേ.. മറിയാമേ.. അറിഞ്ഞോടീ.. ദേ ആ പെണ്ണ് ഒരു ചക്കന്റെ കൂടെ ഓടിപ്പോയി. ദേ ആ പയ്യൻ അറ്റാക്കായി — — ചക്കൻ തൂങ്ങിച്ചത്തതാ, ദേ.. ആ വീട്ടില് രണ്ടാമത്തെ കൊച്ചിന് ശരിക്കും മാനസിക രോഗമാണ്ട്ടാ... അല്ലെങ്കിൽ ചില കല്യാണാലോചനകൾ വരുമ്പോൾ നാട്ടിൻപുറങ്ങളിൽ പറയണ കേട്ടിട്ടില്ലേ... "ടാ തൊമ്മാ, നിനക്ക് വേറെ പെണ്ണിനെയൊന്നും കിട്ടീല്ലേ... ഈ പെണ്ണിന്യാ കിട്ട്യേ.... ? ഒരു ചേട്ടൻ പറഞ്ഞതോർക്കുന്നു. അച്ചൻ രക്ഷപ്പെട്ടു... ഭാഗ്യം.. അച്ചന്മാർക്ക് കല്യാണം കഴിക്കണ്ടല്ലോ... ഞാനൊരു കല്യാണം കഴിച്ചതാ.. ട്രെയിനു തല വച്ച പോലെ ആയച്ചാ... കുട്ടികളിലും കണ്ടിട്ടുണ്ട് ഈ പ്രവണത. എന്റെ കൂട്ടുകാരിക്ക് എന്നെക്കാൾ അര മാർക്ക് കൂടുതൽ കിട്ടിയാൽ പിന്നെ എന്റെ സന്തോഷം പോയി. വീട്ടിൽ കറണ്ട് പോകുമ്പോൾ അടുത്ത വീട്ടിലേക്ക് നോക്കി സന്തോഷത്തോടെ 'അടുത്ത വീട്ടിലും കറണ്ട് പോയിട്ടുണ്ട്' എന്നു പറഞ്ഞു ആശ്വസിക്കുന്ന ശരാശരി മലയാളിയോട് വചനം പറയുന്നു - മറ്റുള്ളവന്റെ നന്മയിൽ സന്തോഷിക്കാൻ. സ്നാപകന്റെ ജനനത്തിൽ ജനത മുഴുവൻ സന്തോഷിച്ചതു പോലെ നിന്റെ സന്തോഷങ്ങൾക്ക് പരിപൂർണ്ണത കൊണ്ടുവരാൻ.

2. ലൂക്കാ 1: 63 "അവൻ ഒരു എഴുത്തു പലക വരുത്തി അതിൽ എഴുതി. യോഹന്നാൻ എന്നാണ് അവന്റെ പേര്." കുഞ്ഞിന്റെ 'പേരിടൽ' ആണ് വചന പശ്ചാത്തലം. എട്ടാം ദിവസം പരിച്ഛേദന സമയത്ത് ശിശുവിന് എന്ത് പേരിടണം എന്നു ചോദിക്കുമ്പോൾ അമ്മ പറയുന്നുണ്ട് യോഹന്നാൻ. അപ്പൻ സഖറിയ പിന്നീട് എഴുത്തു പലക വരുത്തി എഴുതിക്കാണിക്കുന്നത് യോഹന്നാൻ. യഹൂദ പാരമ്പര്യം അനുസരിച്ച് അപ്പന്റെ പേരാണ് കുട്ടിക്ക് നൽകേണ്ടത്. പെൺകുട്ടിയാണെങ്കിൽ അമ്മയുടെതും. സ്വാഭാവികമായും സഖറിയ എന്ന പേരാണ് കുഞ്ഞിനു നൽകേണ്ടിയിരുന്നത്. എന്നാൽ ദൈവദൂതന്റെ കൽപ്പന അനുസരിച്ച് അവർ നൽകുന്നത് യോഹന്നാൻ എന്ന നാമവും. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം 'ദൈവം കരുണ കാണിച്ചു' എന്നുള്ളതും. കുട്ടികളെക്കുറിച്ചും, അവരുടെ പഠനത്തെക്കുറിച്ചും, അവരുടെ ജോലിയെക്കുറിച്ചും ഒരു പിടി സ്വപ്നങ്ങൾ നെയ്തു കൂട്ടുന്ന ന്യൂജെൻ മാതാപിതാക്കളോട് ഒരോർമ്മപ്പെടുത്തലുണ്ട്. സുവിശേഷ ഭാഗത്ത് - നിങ്ങളുടെ കുഞ്ഞുങ്ങൾ ദൈവം കരുണ കാണിച്ചതിന്റെ അടയാളങ്ങളാണെന്ന ഓർമ്മപ്പെടുത്തൽ. അതുകൊണ്ട് ദൈവീക പദ്ധതിക്ക് മക്കളെ വിട്ടുകൊടുക്കുക. നിന്റെ ഭാവി പദ്ധതികളിൽ ദൈവത്തിനോട് ആലോചന ചോദിക്കുക.

'ബാക്ടീരിയ' എന്ന തലക്കെട്ടിൽ വന്ന കുറിപ്പ് വായിച്ചതോർക്കുന്നു. മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിലിരുന്നു അന്തിയ്ക്ക് കഞ്ഞി കുടിച്ചെഴുന്നേറ്റു പോകാൻ നേരം തുടയിൽ ഒരു പിച്ച് തന്നിട്ട് അപ്പൻ പറഞ്ഞു: "നിന്റെ അപ്പൻ അദ്ധ്വാനിച്ച അന്നമല്ലിത്. ദൈവം തന്ന പൊന്നാണ്. ചോറ് താഴെക്കളയരുത്. പെറുക്കി തിന്ന്."

വെളുവെളുത്ത മാർബിൾ തീൻമേശയിൽ ഇരുത്തി അമ്മ കുഞ്ഞിന് ചോറ് കൊടുക്കുകയാണ്. താഴെ, ചിതറി തെറിച്ച ചെറുമണി. ചോറെടുത്ത് കുഞ്ഞ് തന്റെ വായിലേക്ക് വയ്ക്കവേ ആ ചെറുമണി ചോറ് തട്ടി തെറിപ്പിച്ച് അമ്മ പറഞ്ഞു: "നോ.... ബാക്ടീരിയാ"

വിശക്കുന്നവന്റെ മുന്നിലും വിശപ്പറിഞ്ഞവന്റെ മുന്നിലും അന്നം ദൈവ മാണ്. വിശക്കാത്തവന്റെയും വിശപ്പറിയാത്തവന്റെയും മുന്നിൽ ദൈവം ബാക്ടീരിയയും.

ജന്മം കൊടുത്താൽ മാത്രം പോരാ... കുഞ്ഞുങ്ങളെ വളർത്തുന്നതും ഒരു കലയാണ്. അല്ലെങ്കിൽ വളർത്തു ദോഷം എന്ന പഴിയും കേൾക്കേണ്ടി വരും. അതുകൊണ്ട് നമ്മുടെ ജന്മങ്ങളും വളർത്തു നന്മകൾ കൊണ്ട് പുണ്യജന്മങ്ങ ളായി തീരട്ടെ. സ്നാപകന്റെ ജന്മം പോലെ.. ഈശോയുടെ ജന്മം പോലെ... അങ്ങനെയുള്ള ജന്മങ്ങളെക്കുറിച്ചുള്ള വിശേഷണമാണ് അവസാന വചനം (1: 66): "കേട്ടവരെല്ലാം ഈ ശിശു ആരായിത്തീരും എന്ന് ചിന്തിച്ചു തുടങ്ങി. കർത്താവിന്റെ കരം അവനോട് കൂടെ ഉണ്ടായിരുന്നു."

**ഫാ. ആൻസൺ പാണേങ്ങാടൻ സിഎംഐ**